ഉത്തരം

(എ) ഉണ്ട്. കാലാവധി 31.12.2000 ൽ അവസാനിക്കും.

(ബി) (1) നേരിട്ടുള്ള നിയമനം അല്ലെങ്കിൽ (2) എക്സൈസ് ഗാർഡുമാരിൽ നിന്നും ഉദ്യോഗക്കയറ്റം വഴിയുള്ള നിയമനം ആകെ ഉണ്ടാകുന്ന ഒഴിവുകളിൽ ഓരോ നാലാമത്തെ ഒഴിവിലേക്കും നേരിട്ടുള്ള നിയമനം നടത്തുകയോ, അഥവാ നേരിട്ടുള്ള നിയമനത്തിനായി സംവരണം ചെയ്യുകയോ വേണം. ബാക്കിയുള്ള ഒഴിവുകളിൽ എസ്.എസ്.എൽ.സി. ജയിച്ചവരും അല്ലാത്തവരുമായ എക്സൈസ് ഗാർഡുമാരെ 1:1 എന്ന അനുപാതത്തിൽ ഉദ്യോഗക്കയറ്റം നൽകി നിയമിക്കേണ്ടതാണ്.

(സി) 17.5.1982 ൽ

(ഡി) 1123 ഒഴിവുകൾ ഉണ്ടായിട്ടുണ്ട്. ഇവ പ്രൊമോഷൻ, നേരിട്ടുള്ള നിയമനം, സമാശ്വാസപദ്ധതിപ്രകാരമുള്ള നിയമനം, സ്പെഷ്യൽ റിക്രൂട്ട്മെന്റ് എന്നിവ മുഖാന്തിരം നികത്തിയിട്ടുണ്ട്.

(ഇ) 1049 ഒഴിവുകൾ

(എഫ്) 124 തസ്തികകൾ

(ജി) 29.12.1999 വരെ 305 തസ്തികകൾ

(എച്ച്) 304 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തു.

(ഐ) ഒരു ഒഴിവ് റിപ്പോർട്ട് ചെയ്യുവാനുണ്ട്. 17.12.1999ലെ 18535/എഡിവിസി 3/99 പി.ആന്റ് എ.ആർ.ഡി. സർക്കുലർ പ്രകാരം നിയമനം നിർത്തിവെച്ചിരുന്നതു കൊണ്ടാണ് റിപ്പോർട്ട് ചെയ്യാതിരുന്നത്.

50 (363) വ്യാജവാറ്റ് തടയുന്നതിന് നടപടി

ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാജവാറ്റും, വ്യജമദ്യവും, സ്പിരിറ്റ് കള്ളക്കടത്തും വർദ്ധിച്ചുവരുന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് തടയുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) സ്പിരിറ്റ് കള്ളക്കടത്ത് തടയുന്നതിനായി എന്തെങ്കിലും പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) വ്യാജവാറ്റും വ്യാജമദ്യവും സ്പിരിറ്റ് കള്ളക്കടത്തും തടയുന്നതിനായി ശക്തമായ റെയിഡുകൾ പോലീസും എക്സൈസും നടത്തുന്നു. സ്പിരിറ്റ് കള്ളക്കടത്ത് തടയുന്നതിനായി വാഹനപരിശോധന ഊർജ്ജിതമാക്കുകയും രാത്രികാല പട്രോളിഗ് ശക്തിപ്പെടുത്തുകയും ചെക്ക്പോസ്റ്റുകളിൽ വാഹനപരിശോധന ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി)&(ഡി) നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമാണ്.

51 (364) വ്യാജ സ്പിരിറ്റ് കടത്ത്

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രതിദിനം എത്ര മാത്രം വ്യാജസ്പിരിറ്റ് കടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ബി) തമിഴ്നാട്ടിൽ നിന്ന് ദേശീയപാതവഴി കടത്തിയ വ്യാജസ്പിരിറ്റ് ഈ വർഷത്തിൽ എത്ര കണ്ടു പിടിച്ചിട്ടുണ്ട്;

(സി) വ്യാജസ്പിരിറ്റ് പിടിക്കുന്ന കേസുകളിൽ അതുകൊണ്ടുവരുന്ന വാഹനം പിടിച്ചെടുക്കാറുണ്ടോ;

(ഡി) എങ്കിൽ 1999 ജനുവരി 3 മുതൽ 2000 ജനുവരി 10 വരെ ഇത്തരത്തിൽപ്പെട്ട എത്ര വാഹനങ്ങൾ പിടിച്ചെടുത്തിട്ടുണ്ട്;

(ഇ) പാറശ്ശാല ചെക്ക്പോസ്റ്റ് കടന്നുവന്നിട്ടുള്ള എത്രമാത്രം സ്പിരിറ്റ് തിരുവനന്തപുരം ജില്ലയുടെ മറ്റു ഭാഗങ്ങളിൽ വച്ച് ഈ വർഷം പിടിടിച്ചെടുത്തിട്ടുണ്ട്?

ഉത്തരം

(എ)(ബി),(സി)(ഡി)&(ഇ) വിവരം ശേഖരിച്ചു വരുന്നു.

52 (365) സുൽത്താൻബത്തേരിയിലെ വ്യാജ ചാരായവാറ്റ്

ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുൽത്താൻ ബത്തേരി നിയോജകമണ്ഡലത്തിലെ നൂൽപുഴ മുക്കുത്തികുന്ന്, ഈസ്റ്റ് ചിന്നാർ, ചീരാൻ കരിങ്കാളിക്കുന്ന്, നമ്പ്യാർ കുന്ന് എന്നിവിടങ്ങളിലേയും, മുള്ളൻ കൊല്ലി പഞ്ചായത്തിലെ കബനിഗിരിയിലെയും വ്യാപകമായ വ്യാജവാറ്റും വിൽപ്പനയും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രദേശങ്ങളിലെ വ്യാജചാരായ വാറ്റും വിൽപ്പനയും തടയുന്നതിന് എക്സൈസ് വകുപ്പ് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്;

(സി) സുൽത്താൻബത്തേരി നിയോജകമണ്ഡലത്തിൽ വ്യാജവാറ്റും വിൽപ്പനയും സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ഡി) സുൽത്താൻബത്തേരി നിയോജകമണ്ഡലത്തിലെയും പ്രത്യേകിച്ച് നൂൽപുഴ, മുക്കുത്തിക്കുന്ന്, ഈസ്റ്റ് ചിന്നാർ, ചീരാൻകരിങ്കാളിക്കുന്ന്, നമ്പ്യാർകുന്ന്, കബനിഗിരി എന്നീ പ്രദേശങ്ങളിലെയും വ്യാജചാരായവാറ്റും വിൽപ്പനയും നിർമ്മാർജനം ചെയ്യുന്നതിന് കർശന നടപടികളെടുക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly